## ആദിവാസികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന കമ്മിറ്റിയുടെ പ്രവർത്തനം

15(*44) ശ്രീ. യു. എസ്. ശശി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക- പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ തൊഴിൽ, ആരോഗ്യം, താമസസൗകര്യങ്ങൾ എന്നീ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം ;

(സി) ഈ കമ്മിറ്റികളുടെ പ്രവർത്തനം കൊണ്ട് എത്ര ആദിവാസികളുടെ എന്തെല്ലാം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്

(ബി) ഐ.ടി.സി. പ്രോജക്ട് ആഫീസർ/ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസർ, റവന്യൂ ഡിവിഷണൽ ആഫീസർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഡിവിഷൻ അതിർത്തിക്കുള്ളിലെ തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ ത്രിതല പഞ്ചായത്ത് മെമ്പർമാർ പട്ടികവർഗ്ഗ വികസന വകുപ്പ് നിയമിച്ചിട്ടുള്ള ഒരു സോഷ്യൽ ആക്ടിവിസ്റ്റ്, ഓരോ ഡിവിഷനിലേയും ഓരോ പഞ്ചായത്തിലെയും പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പ്രതിനിധി എന്നിവർ ആദിവാസിക്ഷേമ സെല്ലുകളിൽ അംഗങ്ങളാണ്. ഡിവിഷണൽ ഫോറസ്റ്റ് ആഫീസറാണ് കൺവീനർ.

(സി) കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ. എന്തെല്ലാം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടു എന്ന കാര്യം വിലയിരുത്തിയിട്ടില്ല.

(ഡി) മൂന്നുമാസത്തിലൊരിക്കലെങ്കിലും കമ്മിറ്റി കൂടണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ക്രമമായി കമ്മിറ്റി കൂടുന്നതുമൂലം പട്ടികവർഗ്ഗക്കാരുടെ പ്രത്യേകിച്ച് വനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നുണ്ട്. പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കമ്മിറ്റി ക്രമമായി ചേരുന്നതിനും ബന്ധപ്പെട്ടവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly